**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4502** **29-10-2021 - ൽ മറുപടിയ്ക്ക്**

**ആദിവാസി മേഖലകളിൽ ഭവന നിർമ്മാണ സഹായം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ജെ. മാക്സി | | **Shri K. Radhakrishnan**<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പ് മന്ത്രി ) | |
| (എ) | സംസ്ഥാനത്ത് എത്ര ആദിവാസി കുടുംബങ്ങളുണ്ടെന്ന് അറിയിക്കാമോ; | (എ) | 1,47,181 പട്ടികവർഗ്ഗ കുടുംബങ്ങൾ ഉണ്ട്. |
| (ബി) | ആദിവാസി മേഖലകളിൽ നിലവിലുളള ഭവന നിർമ്മാണ ധനസഹായ പദ്ധതികൾ എന്തെല്ലാമാണ്; കഴിഞ്ഞ പത്ത് വർഷത്തിനിടെ പ്രസ്തുത പദ്ധതികൾ മുഖേന എത്ര കുടുംബങ്ങൾക്ക് ഭവന നിർമ്മാണ സഹായം ലഭ്യമാക്കിയിട്ടുണ്ട്; അതിൽ എത്ര ഭവന നിർമ്മാണം നടന്നു; ഇതിലേയ്ക്കായി എത്ര തുക വിനിയോഗിച്ചു; വിശദാംശം ലഭ്യമാക്കുമോ; | (ബി) | ലൈഫ് മിഷൻ പദ്ധതി മുഖേനയാണ് നിലവിൽ ഭവനരഹിതരായ പട്ടികവർഗ്ഗ വിഭാഗക്കാർക്കും വീട് അനുവദിച്ചു വരുന്നത്. ആയത് മൂന്ന് ഘട്ടങ്ങളായാണ് നടപ്പിലാക്കുന്നത്. ഒന്നാം ഘട്ടത്തിൽ മുൻ വർഷങ്ങളിൽ വിവിധ പദ്ധതികൾ പ്രകാരം അനുവദിച്ചതും 31.03.2016നുള്ളിൽ പൂർത്തീകരിച്ചിട്ടില്ലാത്തതുമായ വീടുകളുടെ പൂർത്തീകരണവും, രണ്ടാം ഘട്ടത്തിൽ ഭൂമിയുള്ള ഭവനരഹിതർക്കുള്ള ഭവനനിർമ്മാണവും, മൂന്നാം ഘട്ടത്തിൽ ഭൂരഹിത ഭവനരഹിത കുടുംബങ്ങൾക്ക് ഭൂമിയും വീടും നൽകുക എന്നതുമാണ് നടപ്പിലാക്കുന്നത്. കൂടാതെ, ലാന്റ് ബാങ്ക് പദ്ധതിയിലൂടെ ഭൂമി വാങ്ങി പുനരധിവസിപ്പിക്കുന്ന പട്ടികവർഗ്ഗക്കാർക്ക് ആദിവാസി പുനരധിവാസ മിഷൻ മുഖേനയും വീട് അനുവദിച്ച് വരുന്നുണ്ട്. ലൈഫ് മിഷൻ ഒന്നാം ഘട്ടത്തിൽ അനുവദിച്ച 12,022 വീടുകളിൽ 11,377 വീടുകളും, രണ്ടാംഘട്ടത്തിൽ അനുവദിച്ച 3380 വീടുകളിൽ 2748 വീടുകളും, മൂന്നാംഘട്ടത്തിൽ അനുവദിച്ച 487 വീടുകളിൽ 265 വീടുകളും പൂർത്തീകരിച്ചിട്ടുണ്ട്. കൂടാതെ ടി.ആർ.ഡി.എം മുഖേന അനുവദിച്ച 4634 വീടുകളിൽ 2595 വീടുകളും പൂർത്തീകരിച്ചിട്ടുണ്ട്. കഴിഞ്ഞ 10 വർഷം വകുപ്പിന്റെ ഭവന നിർമ്മാണ ശീർഷകത്തിൽ നിന്നും അനുവദിച്ച തുകയുടെ വിവരം ചുവടെ ചേർക്കുന്നു. വർഷം തുക (രൂപ) 2011-12 - 15 കോടി, 2012-13 - 25 കോടി, 2013-14 - 27.5 കോടി, 2014-15 - 33 കോടി, 2015-16 - 113.73 കോടി, 2016-17 - 46.2936 കോടി, 2017-18 - 114.82 കോടി, 2018-19 - 137.85 കോടി, 2019-20 - 76.09 കോടി, 2020-21 - 61.64 കോടി കൂടാതെ, |

| | | | |
|---|---|---|---|
| | | | 2019-20 സാമ്പത്തിക വർഷം 64.46 കോടി രൂപയും, 2020-21 വർഷം 140 കോടി രൂപയും പട്ടികവർഗ്ഗ വിഭാഗക്കാരുടെ ഭവന നിർമ്മാണത്തിനായി ലൈഫ് മിഷന് പട്ടികവർഗ്ഗ വികസന വകുപ്പ് അനുവദിച്ച് നൽകിയിട്ടുണ്ട്. ടി.ആർ.ഡി.എം മുഖേനയുള്ള ഭവന നിർമ്മാണ പദ്ധതിക്കായി 91,41,04,085/-രൂപയും കഴിഞ്ഞ 10 വർഷം ചെലവഴിച്ചിട്ടുണ്ട്. |
| (സി) | പ്രസ്തുത പദ്ധതി നടത്തിപ്പിൽ ഉദ്യോഗസ്ഥ തലങ്ങളില്ലുണ്ടായ ഫണ്ട് തട്ടിപ്പ് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (സി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ഡി) | എങ്കിൽ പ്രസ്തുത തട്ടിപ്പുമായി ബന്ധപ്പെട്ട് എത്ര കേസുകൾ രജിസ്റ്റർ ചെയ്തുവെന്നും എത്ര പേർക്കെതിരെ നടപടി സ്വീകരിച്ചുവെന്നും അറിയിക്കാമോ; നഷ്ടമായ എത്ര തുക കണ്ടെത്തി അർഹരായവർക്ക് ലഭ്യമാക്കിയെന്നതിന്റെ വിശദാംശം ലഭ്യമാക്കുമോ; | (ഡി) | 2 കേസുകൾ നിലവിലുണ്ട്. ഒരാൾക്കെതിരെയുള്ള കേസ് വിജിലൻസ് അന്വേഷണ ഘട്ടത്തിലാണ്. മറ്റൊന്നിൽ എഫ്.ഐ.ആർ രജിസ്റ്റർ ചെയ്ത് കേസ് അന്വേഷണം നടന്നു വരുന്നു. അന്വേഷണം പൂർത്തിയാകുന്ന മുറയ്ക്ക് മാത്രമേ നഷ്ടമായ തുകയുടെ വിവരങ്ങൾ തിട്ടപ്പെടുത്തുവാൻ സാധിക്കുകയുള്ളൂ. |
| (ഇ) | സർക്കാർ കണക്ക് പ്രകാരം നിലവിൽ സ്വന്തമായി ഭവനം ഇല്ലാത്ത എത്ര ആദിവാസി കുടുംബങ്ങളുണ്ട്; പ്രസ്തുത കുടുംബങ്ങൾക്ക് കൂടി ഭവനം ഉറപ്പാക്കാൻ സത്വരമായി സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ വിശദമാക്കാമോ? | (ഇ) | ഭൂരഹിത ഭവനരഹിതരായ 7443 പേരെയും, ഭൂമിയുള്ള ഭവനരഹിതരായ 12690 പേരേയും പട്ടികവർഗ്ഗ വികസന വകുപ്പ് കണ്ടെത്തിയിട്ടുണ്ട്. ഇത്തരം കുടുംബങ്ങൾക്ക് ലൈഫ് മിഷൻ പദ്ധതി മുഖേന ഭവന നിർമ്മാണ ധനസഹായം അനുവദിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ